**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4657** **10-08-2021 - ൽ മറുപടിയ്ക്ക്**

**കൊറ്റി-കോട്ടപ്പുറം ജലഗതാഗത പാതയിലെ ബോട്ട് സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | Shri Antony Raju (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ജലഗതാഗത വകുപ്പിന്റെ റീജിയണൽ ഓഫീസ് സ്ഥിതി ചെയ്യുന്ന ആയിറ്റി ഉൾപ്പെടുന്ന തൃക്കരിപ്പൂർ മണ്ഡലത്തിലെ കൊറ്റി-കോട്ടപ്പുറം ജലഗതാഗത പാതയിൽ ജലഗതാഗത വകുപ്പിനു കീഴിൽ നിലവിൽ എത്ര ബോട്ട് സർവ്വീസുകളുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | തൃക്കരിപ്പൂർ മണ്ഡലത്തിലെ കൊറ്റി-കോട്ടപ്പുറം ജലപാതയിൽ ആയിറ്റി–കൊറ്റി, ആയിറ്റി–പടന്ന എന്നീ സർവ്വീസുകൾ ആണ് നടത്തി വരുന്നത്. നിലവിലെ കോവിഡ് സാഹചര്യത്തിൽ യാത്രക്കാരുടെ തിരക്ക് കുറവായതിനാൽ രണ്ട് ഷെഡ്യൂളുകളുടെയും പ്രാധാന്യമുള്ള സമയങ്ങൾ ക്രമീകരിച്ച് ഒരു ബോട്ട് സുഗമമായി സർവ്വീസ് നടത്തിവരുന്നു. |
| (ബി) | നേരത്തെ മികച്ചരീതിയിൽ പ്രവർത്തിച്ചിരുന്ന പ്രസ്തുത റൂട്ടിൽ എന്തൊക്കെ നവീകരണ പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ഈ മേഖലയിലെ ടൂറിസം സാധ്യതകൾ പരിശോധിക്കുന്നതിനായി കവ്വായ്–വലിയപറമ്പ് ഭാഗങ്ങളിൽ ശനി, ഞായർ, മറ്റ് അവധി ദിവസങ്ങളിൽ ഒരു ബോട്ട് സമയക്രമീകരണം നടത്തി വിനോദസഞ്ചാരികൾക്കായി പരീക്ഷണ സർവ്വീസ് നടത്തിയത് വിജയമായി കാണുന്നതിനാൽ കൊറ്റി-കവ്വായ്-വലിയപറമ്പ്–ആയിറ്റി–പടന്ന–മാവിലാടം വരെ ടൂറിസ്റ്റ്-കം–പാസഞ്ചർ സർവ്വീസ് നടത്തുന്നതിന് സോളാർ ഇലക്ട്രിക് ബോട്ട് ഉപയോഗിക്കുന്നത് പരിഗണനയിലാണ്. |
| (സി) | ഇവിടെ, ബോട്ട് റിപ്പയറിങ് യാർഡ് പ്രവർത്തന സജ്ജമാക്കി വർഷങ്ങൾ കഴിഞ്ഞിട്ടും ബോട്ട് റിപ്പയറിങ് നടത്താൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | വകുപ്പിന്റെ അയിറ്റിയിലെ ബോട്ട് റിപ്പയറിംഗ് യാർഡിന്റെ ഭാഗമായി പണി പൂർത്തീകരിച്ചുവരുന്ന സ്ലിപ് വേ സംവിധാനത്തിൽ ചില പോരായ്മകൾ ശ്രദ്ധയിൽപെട്ടത് അടിയന്തരമായി പരിഹരിച്ച്, പ്രവർത്തന സജ്ജമാക്കുന്നതിന് കണ്ണൂർ ജില്ലയിലെ സംസ്ഥാന പൊതു മേഖലാ സ്ഥാപനമായ സിൽക്ക് മുഖാന്തിരം നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ